# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *47 10.06.2014 ൽ മറുപടിക്ക്

**തീവണ്ടികളിലെ കാലപ്പഴക്കം ചെന്ന കോച്ചുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ:<br>" ഇ. പി. ജയരാജൻ:<br>ശ്രീമതി കെ. എസ്. സലീഖ:<br>ശ്രീ. റ്റി. വി. രാജേഷ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കാലപ്പഴക്കം ചെന്ന കോച്ചുകൾ ഉപയോഗിച്ച് സംസ്ഥാനത്ത് തീവണ്ടികൾ സർവ്വീസ് നടത്തുന്നത് വൻ അപകട സാദ്ധ്യത ഉയർത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | യഥാസമയം കോച്ചുകളിൽ അറ്റകുറ്റപ്പണി നടത്താതെ സർവ്വീസ് നടത്തുന്നതു കാരണം യാത്രാ സുരക്ഷിതത്വം ഇല്ലാതായത് വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | സംസ്ഥാനത്തുനിന്ന് അറ്റകുറ്റപ്പണിക്ക് കൊണ്ടുപോകുന്ന കോച്ചുകൾ തിരിച്ചു നല്കാതെ പകരം പഴയകോച്ചുകളാണ് നൽകുന്നതെന്ന ആക്ഷേപത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണെന്നു വ്യക്തമാക്കുമോ; | (സി)യും (ഡി)യും | സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70% നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ |
| (ഡി) | നിരന്തരം പരാതികൾ ഉണ്ടായിട്ടും പഴകിയ കോച്ചുകൾ ഉപയോഗിച്ച് സുരക്ഷിതത്വമില്ലാതെ യാത്ര ചെയ്യേണ്ടി വരുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.<br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം;<br>(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണം;<br>(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണം;<br>(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.<br>ഇപ്പോൾ റിപ്പയറിംഗിനായി നല്കുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ 2014-15 ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും 30.05.2014 ലെ മുഖ്യമന്ത്രിയുടെ 7467/ഡി2/2014/ഗതാ നമ്പർ അർദ്ധ ഔദ്യോഗിക കത്തുകൾ മുഖേന സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ട്കൊണ്ട് ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും വിശദമായ മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ